(സി) റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പാക്കപ്പെട്ടിട്ടില്ലാത്തതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>റെയിൽവേ ക്രോസുകളും മേൽപ്പാലങ്ങളും</u>

406 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര റെയിൽവേ ലെവൽ ക്രോസുകളും മേൽപ്പാലങ്ങളുമുണ്ട്;

(ബി) പുതുതായി എത്ര മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്;

(സി) ഇവയിലെത്രയെണ്ണത്തിന്റെ പണികൾ നടന്നുവരുന്നു;

(ഡി) മറ്റുള്ളവയുടെ പണി തുടങ്ങാതിരിക്കുന്നതിന്റെ കാരണങ്ങൾ വിവരിക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നഞ്ചൻഗോഡ്-നിലമ്പൂർ റയിൽപാത</u>

407 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഞ്ചൻഗോഡ് -നിലമ്പൂർ റയിൽപാത നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനകം കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട പാതക്കെതിരെ ഏതെങ്കിലും സംഘടന രംഗത്ത് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തന്നാണ്ടിലെ റയിൽവേ ബഡ്ജറ്റിൽ ഈ പാതയുടെ നിർമ്മാണത്തിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; ചെലവഴിക്കപ്പെട്ടത് എത്ര എന്നിവ സംബന്ധിച്ച കണക്കുകൾ സംസ്ഥാനസർക്കാരിന്റെ പക്കൽ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. റവന്യൂ വരവ്, റവന്യൂ ചെലവ്

408 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ. ടി. സി. യുടെ 2005-2006 മുതൽ 2013-2014 വരെയുള്ള ഓരോ വർഷത്തെയും റവന്യൂ ചെലവിന്റെയും റവന്യൂ വരുമാനത്തിന്റെയും പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വർഷങ്ങളിലെ ശരാശരി പ്രതിദിന റവന്യൂ ചെലവെത്ര ; ശരാശരി പ്രതിദിന റവന്യൂ വരവ് എത്ര ;

(സി) കെ. എസ്. ആർ. ടി. സി. യിലെ വാഹനങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക് തുടങ്ങിയ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ടെന്നും അവരുടെ വിഭാഗത്തിനു മാത്രമായി പ്രതിവർഷം ശമ്പളം-ബെത്ത ഇനങ്ങൾക്കായി ചെലവാകുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) മറ്റു വിഭാഗങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും അവയിൽ എത്ര പേർ മാനേജീരിയൽ വിഭാഗത്തിലുള്ളവരാണെന്നും, അവരുടെ പ്രതിവർഷ ശമ്പള-ബത്ത ചെലവുകൾ ഓരോ വിഭാഗം തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

## കെ.എസ്.ആര്‍.ടി.സി.യെ കമ്പനിയാക്കണമെന്ന ആസൂത്രണബോര്‍ഡിന്റെ ശുപാര്‍ശ

409 ശ്രീ. എളമരം കരീം
,, പി. കെ. ഗുരുദാസന്‍
,, എസ്. രാജേന്ദ്രന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.യെ കമ്പനിയാക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോര്‍ഡ് ശുപാര്‍ശ ചെയ്തിട്ടുണ്ടോ; ശുപാര്‍ശയിലെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ബി) സര്‍ക്കാരിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ ആസൂത്രണ ബോര്‍ഡ് ഇത്തരമൊരു ശുപാര്‍ശ നടത്തിയത്;

(സി) ആസൂത്രണ ബോര്‍ഡ് ശുപാര്‍ശ രൂപീകരിക്കുന്ന ഘട്ടത്തില്‍ ബന്ധപ്പെട്ട ആരെല്ലാമായി ചര്‍ച്ച ചെയ്യുകയുണ്ടായി;

(ഡി) കെ.എസ്.ആര്‍.ടി.സി. വിഭജിച്ച് കമ്പനികളാക്കുന്നതു സംബന്ധിച്ച് സര്‍ക്കാര്‍ ഏതെല്ലാം നിലയില്‍ ചര്‍ച്ച ചെയ്യുകയുണ്ടായി;

(ഇ) പ്രസ്തുത ശുപാര്‍ശകള്‍ തള്ളിക്കളഞ്ഞിട്ടുണ്ടോ; ഇല്ലെങ്കില്‍, കാരണമെന്താണ്; സര്‍ക്കാര്‍ നിലപാട് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യെ കമ്പനിയാക്കുന്നതു സംബന്ധിച്ച്

410 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.യെ കമ്പനിയാക്കി വിഭജിക്കണമെന്നുള്ള ആസൂത്രണബോർഡിന്റെ ശുപാർശയിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശുപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യെ കമ്പനിയാക്കാൻ ശുപാർശ

411 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യെ കമ്പനിയാക്കാൻ ശുപാർശ ചെയ്തുകൊണ്ടുള്ള ആസൂത്രണ ബോർഡിന്റെ പേഴ്സ്പെക്ടീവ് പ്ലാൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്ലാനിംഗ് ബോർഡിന്റെ പേഴ്സ്പെക്ടീവ് പ്ലാനിലെ കെ.എസ്.ആർ.ടി.സി യെ സംബന്ധിച്ച ശുപാർശ സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യുടെ ലാഭകരമായ നടത്തിപ്പ്</u>

412 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി.സി. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്; നിലവിൽ ഓരോ സ്ഥാപനത്തിനും എത്ര തുക തിരിച്ചു നൽകുവാനുണ്ട്;

(ബി) 2007-2008, 2008-2009, 2009-2010, 2010-2011, 2011-2012 എന്നീ വർഷങ്ങളിൽ ഓരോ വർഷവും എത്ര തുക വീതം ഗ്രാന്റായും മറ്റും നൽകിയിട്ടുണ്ട്;

(സി) കെ. എസ്. ആർ. ടി.സി.യെ ലാഭകരമാക്കി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(ഡി) ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ നിലവിൽ എത്ര ഷെഡ്യൂളുകൾ കെ. എസ്. ആർ. ടി.സി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; വിശദമാക്കാമോ;

(ഇ) ലാഭകരമായ പ്രസ്തുത റൂട്ടിൽ അടിയന്തരമായി കൂടുതൽ ബസുകൾ ഓടിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിലെ പ്രതിസന്ധി

413 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിലെ പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. യെ സംരക്ഷിക്കുന്നതിനും യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും എന്തൊക്കെ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി</u>

414 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന്റെ സാമ്പത്തിക മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിലെ സ്ഥിതിയിൽ അടുത്ത അഞ്ച് വർഷങ്ങളിൽ കോർപ്പറേഷന്റെ വരവും ചെലവും തമ്മിലുള്ള അന്തരം എത്രയാകുമെന്നാണ് കണക്കാക്കുന്നത്;

(ഡി) കോർപ്പറേഷന്റെ പ്രവർത്തന നവീകരണത്തിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പ്രധാന പരിപാടികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ സാമ്പത്തിക പ്രതിസന്ധി</u>

415 ശ്രീ. കെ. രാധാകൃഷ്ണൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ബാബു എം.പാലിശ്ശേരി.
'' പുരുഷൻ കടലുണ്ടി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കെ. എസ്. ആർ. ടി. സി. യിലെ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമോ;

(സി) കെ. എസ്. ആർ. ടി. സി.യ്ക്ക് പ്രതിമാസം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക കെ.എസ്. ആർ. ടി. സി.യ്ക്ക് സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കെ. എസ്. ആർ. ടി. സി. യുടെ നാളിതുവരെയുള്ള കടം എത്ര രൂപയാണ്;

(എഫ്) കടബാദ്ധ്യതയിൽ നിന്ന് കെ. എസ്. ആർ. ടി.. സി.യെ കരകയറ്റുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടനം പ്രത്യേക കെ.എസ്.ആർ.ടി.സി. ബസുകൾ

416 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രത്യേക സർവ്വീസ് നടത്തുന്നതിനായി ഈ വർഷം എത്ര ബസുകൾ കെ.എസ്.ആർ.ടി.സി പുതിയതായി ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ ഏർപ്പെടുത്തിയ ബസുകൾക്ക് തുല്യമായ ബസുകൾ ഈ വർഷവും കെ.എസ്.ആർ.ടി.സി ശബരിമല തീർത്ഥാടനത്തിനായി ഏർപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിൽ സ്പെയർ പാർട്സുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ

417 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ സ്പെയർ പാർട്സുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെയർ പാർട്സുകൾ വാങ്ങിയ ഇനത്തിൽ അധികച്ചെലവുണ്ടായത് ഏതേത് വർഷങ്ങളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി യിൽ സ്പെയർ പാർട്സുകൾ വാങ്ങിയതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സ്പെയർ പാർട്സുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. സ്പെയർപാർട്സ്</u>

418 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ. എസ്. ആർ. ടി. സി. യിൽ സ്പെയർപാർട്സ് വാങ്ങിയതിൽ അഴിമതിയുള്ളതായ മാദ്ധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്ത് തുകയ്ക്ക് സ്പെയർപാർട്സ് വാങ്ങിയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ; ഇനിയും എന്ത് തുകയ്ക്കുള്ള സ്പെയർപാർട്സ് വാങ്ങാൻ ശേഷിക്കുന്നുണ്ടെന്നള്ള വിവരം നൽകുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നഷ്ടം</u>

419 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടായ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ പർച്ചേയ്സ് നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ധൂർത്തും അഴിമതിയും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിൽ ഇന്റർനെറ്റ് സംവിധാനം</u>

420 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഭവനിലും വിവിധ ഡിപ്പോകളിലും സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ ശൃംഖലയിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനായി ഏതെങ്കിലും കമ്പനിയുമായി കരാറുണ്ടാക്കിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഇന്റർനെറ്റ് സംവിധാനം സ്ഥാപിതമായതുമുതൽ അതുവരെ നടന്നുവന്നിരുന്ന ഏതെല്ലാം ചെലവുകൾ കെ.എസ്.ആർ.ടി.സിക്ക് ഒഴിവാക്കാനായിട്ടുണ്ട്;

(ഡി) ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തിയതുകൊണ്ട് ഏതൊക്കെ ഇനത്തിൽ എത്രവീതം തുക ലാഭിക്കാനായിട്ടുണ്ട്;

(ഇ) ഓഫീസ് ആവശ്യത്തിനുള്ളതല്ലാത്ത വെബ്സൈറ്റുകൾ കെ.എസ്.ആർ.ടി.സി.യിലെ കമ്പ്യൂട്ടർ ശൃംഖലയിലുള്ളത് ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; അതിന്റെ ഭാഗമായി ഏതൊക്കെ വെബ്സൈറ്റുകൾ ഒഴിവാക്കിയിട്ടുണ്ട്;

(എഫ്) ഇല്ലെങ്കിൽ അത്യാവശ്യമില്ലാത്ത സൈറ്റുകൾ നിയന്ത്രിക്കുന്നതിന് സത്വര നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ ശുപാർശ</u>

421 ശ്രീ. വി.എസ്. സുനിൽ കുമാർ
'' കെ. രാജു
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ്സ് ചാർജ്ജ് പുനർനിർണ്ണയിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമ ചന്ദ്രൻ കമ്മീഷൻ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ, എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ശുപാർശകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഫെയർ സ്റ്റേജ് നിർണ്ണയം സംബന്ധിച്ച് കമ്മീഷൻ എന്തെങ്കിലും ശുപാർശകൾ നല്കിയിട്ടുണ്ടോ, വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷൻ ശുപാർശകൾ എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ബസ് ചാർജ്ജ് വർദ്ധനവ്</u>

422 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇതിനായി നിയോഗിച്ച രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം ശുപാർശകളാണ് റിപ്പോർട്ടിലുള്ളത്;

(ഇ) കിലോമീറ്ററിന് എത്ര പൈസയുടെ വർദ്ധനവാണ് വരുത്തുവാനുദ്ദേശിക്കുന്നത്; വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് നിരക്കുകൾ പ്രത്യേകം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ബസ്/ടാക്സി/ഓട്ടോ ചാർജ് വർദ്ധന</u>

423 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബസ്/ടാക്സി/ഓട്ടോ ചാർജുകളിൽ എത്ര തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്; വർദ്ധനവ് വരുത്തിയ തീയതിയും തുകയും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സ്റ്റേജ് കാര്യേജ് അടക്കമുള്ളവയുടെ ചാർജ് വീണ്ടും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ബസ് ചാർജ് കിലോമീറ്റർ കണക്കാക്കി വർദ്ധിപ്പിക്കുകയും ഫെയർ സ്റ്റേജ് നിലനിർത്തുകയും ചെയ്യുന്നതുവഴി യാത്രക്കാർക്ക് അമിതമായ ചാർജ് കൊടുക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ചാർജ് വർദ്ധിപ്പിക്കുന്നതോടൊപ്പം ഫെയർ സ്റ്റേജ് പുന:പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ബസ് ഓട്ടോ ടാക്സി യാത്രാ നിരക്കുകൾ

424 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ്, ഓട്ടോ, ടാക്സി യാത്രാനിരക്കുകൾ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബസ് ചാർജ്ജുവർദ്ധനയ്ക്കുമുമ്പ് സംസ്ഥാനത്തെ മുഴുവൻ റൂട്ടുകളിലെയും ഫെയർ സ്റ്റേജ് അപാകത പരിഹരിക്കാൻ ആർ.റ്റി.ഒ.മാരെ ചുമതലപ്പെടുത്തണമെന്ന നിർദ്ദേശം ഹൈക്കോടതി നൽകിയിരുന്നുവോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>കെ.എസ്.ആർ.ടി.സി.യിൽ ജി.പി.ആർ.എസ്. സംവിധാനം</u>

425 ശ്രീ. പി.സി. വിഷ്ണുനാഥ്.
'' വി.റ്റി. ബൽറാം
'' ഹൈബി ഈഡൻ
''എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ജി.പി.ആർ.എസ്. സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) കോർപ്പറേഷന്റെ കാര്യക്ഷമതയും വരുമാനവും വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കോർപ്പറേഷന്റെ ഏതെല്ലാം തരത്തിലുള്ള ബസ്സുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ച് വരുന്നുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്റൂട്ടുകൾ ദീർഘിപ്പിച്ച നടപടി</u>

426 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തലസ്ഥാന നഗരിയിലുൾപ്പെടെ സ്വകാര്യ ബസുകളുടെ റൂട്ട് എത്ര തവണ എത്ര ദൂരം വീതം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്;

(ബി) ഇത്തരത്തിൽ റൂട്ടുകൾ ദീർഘിപ്പിക്കുന്നതു കൊണ്ട് സർക്കാരിനും കെ. എസ്. ആർ. ടി. സി. യ്ക്കും എന്തെങ്കിലും നേട്ടം ഉണ്ടാക്കാനായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തലസ്ഥാന നഗരത്തിൽ ദീർഘിപ്പിച്ചു നൽകിയ റൂട്ടുകളിൽ യാത്രക്കാർ കുറവുള്ള സമയങ്ങളിൽ സർവ്വീസ് റദ്ദ് ചെയ്യുന്ന പ്രവണത നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) അനുവദിച്ചിട്ടുള്ള റൂട്ടുകളിൽ സർവ്വീസ് കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

ഓട്ടോറിക്ഷകളുടെ സ്ഥിതിവിവര കണക്ക്

427 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിയമാനുസൃതം സര്‍വ്വീസ് നടത്തുന്ന ഓട്ടോറിക്ഷകള്‍ എത്രയാണെന്ന് ജില്ലാടിസ്ഥാനത്തില്‍ കണക്കുകള്‍ വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം നഗര പ്രദേശങ്ങളില്‍ സര്‍വ്വീസ് നടത്തുന്ന ഓട്ടോറിക്ഷകള്‍ എത്ര;

(സി) പ്രതിവര്‍ഷം ശരാശരി എത്ര ഓട്ടോറിക്ഷകള്‍ പുതുതായി സര്‍വ്വീസ് നടത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. പുതുതായി നിരത്തിലിറക്കിയ ബസുകൾ

428 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കെ. എസ്. ആർ. ടി. സി. എത്ര ഷാസികൾ വാങ്ങിയിട്ടുണ്ട്; പുതിയതായി എത്ര ബസുകൾ നിരത്തിലിറക്കി;

(ബി) അന്യ സംസ്ഥാനത്തേയ്ക്ക് പുതിയ സർവ്വീസുകൾ നടത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മാവേലിക്കരയിൽ നിന്ന് ബാംഗ്ലൂരിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ബാംഗ്ലൂർ സർവ്വീസിനായി വാഹനം അനുവദിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഡീസലിന് പകരം സി. എൻ. ജി.</u>

429 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസുകളിൽ ഡീസലിനു പകരം സി. എൻ. ജി. ഉപയോഗിക്കാമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ബയോ ഡീസൽ

430 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണയിൽ നിന്ന് വേർതിരിച്ച് എടുക്കാവുന്ന കൊക്കൊ മീഥൈൽ, ഡീസലിൽ ചേർത്ത് ബയോ ഡീസൽ തയ്യാറാക്കുകയും അത് ഉപയോഗിച്ച് കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ ഓടിക്കുന്നതും ഇന്ധനചെലവ് കുറച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേരത്തിന്റെ വിപണിക്ക് പുത്തനുണർവ് പകരുന്നതും കുറഞ്ഞ ചെലവിൽ ബസ്സ് ഓടിക്കുന്നതുമായ കൊക്കൊ മീഥൈൽ ഡീസൽ ഉപയോഗിക്കുന്നതിന് സാധ്യതാപഠനം നടത്താൻ കെ. എസ്. ആർ. ടി. സി തയ്യാറാകുമോ;

(സി) കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും കർണ്ണാടക സ്റ്റേറ്റ് ബയോ ഫ്യൂവൽ ബോർഡുമായും ഇക്കാര്യത്തിൽ ആശയവിനിമയം നടത്താൻ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. പെന്‍ഷന്‍ വിതരണം

431 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.യില്‍നിന്ന് പെന്‍ഷനായവര്‍ക്ക് പെന്‍ഷന്‍ വിതരണം കൃത്യമായി നടക്കുന്നുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ;

(ബി) പെന്‍ഷനെ മാത്രം ആശ്രയിച്ച് കഴിയുമ്പോള്‍ ഇതിന് മുടക്കം വന്നാലുണ്ടാകുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ ആലോചിക്കുന്നുണ്ടോ;

(ഡി) ഇവരുടെ പെന്‍ഷന്‍ ബാധ്യത ഏറ്റെടുക്കുന്നതിന് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം

432

ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം മുടങ്ങാനിടയായതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്;

(ബി) സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ

433 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുമോ; അതെത്രയാണെന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പെൻഷൻ തുടർച്ചയായി മുടങ്ങുന്നതു മൂലം ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം

434 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പ്രശ്നങ്ങൾ

435 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് നിലവിൽ പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടോ; പെൻഷൻ മുടങ്ങിയാൽ ഇവർ എങ്ങനെ ജീവിക്കും എന്നത് ബോധ്യപ്പെട്ട് എന്തു പരിഹാരമാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; പെൻഷൻകാരുടെ പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റ്

436 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; എത്ര പേർക്കാണ് നിയമന ശുപാർശ അയച്ചിട്ടുള്ളത്; അതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഒഴിവുകൾ ഉണ്ടായിട്ടും നിയമന ശുപാർശ ലഭിച്ചവർക്കെല്ലാം നിയമനം നല്കുന്നതിന് തടസ്സമെന്താണ്; വ്യക്തമാക്കാമോ;

(സി) നിയമന ശുപാർശ ലഭിച്ചവർക്കെല്ലാം നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സിയിൽ നിന്ന് ഡെപ്യൂട്ടേഷൻ

437 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സിയിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ അവരുടെ അപേക്ഷപ്രകാരമല്ലാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് വകുപ്പുകളിലേക്കും കോർപ്പറേഷനുകളിലേക്കും അയക്കാറുണ്ടോ;

(ബി) എങ്കിൽ ഡെപ്യൂട്ടേഷൻ ലാവണത്തിലെ ശമ്പളം നിശ്ചയിക്കുന്നതിന് കെ. എസ്. ആർ. ടി. സിയിലെ അവരുടെ ശമ്പള നിരക്ക് മാനദണ്ഡമാക്കാറുണ്ടോ;

(സി) സ്വന്തം അപേക്ഷപ്രകാരമല്ലാതെ പൊതുതാൽപ്പര്യപ്രകാരം മന്ത്രിമാരുടെ ഓഫീസുകളിലുൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ. എസ്. ആർ. ടി. സിയിൽ നിന്ന് ജീവനക്കാരെ നിയമിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അവർക്ക് കെ. എസ്. ആർ. ടി. സിയിലെ താഴ്ന്ന നിരക്കിലെ ശമ്പളവും സർക്കാർ നിരക്കിലും താഴ്ന്ന ക്ഷാമബത്തയും മാത്രമേ നൽകുന്നുള്ളൂ എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) സ്വയം ആവശ്യപ്പെടാതെ പൊതുതാൽപ്പര്യത്തിന് വേണ്ടി പല അലവൻസുകളുമില്ലാതെ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് കെ. എസ്. ആർ. ടി. സിയിലെ അർഹതപ്പെട്ട യാത്രാ പാസ് അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ. എസ്.ആർ.ടി.സി. വക ഭൂമി</u>

438 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് കേരളത്തിൽ എത്ര ഏക്കർ സ്ഥലമുണ്ടെന്ന്, ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പ്രസ്തുത ഭൂമിക്ക് എല്ലാംതന്നെ പട്ടയം ഉണ്ടോ; ഇല്ലെങ്കിൽ, ആയതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത ഭൂമിയുടെ പട്ടയങ്ങൾ നേടിയെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

റോഡ് സേഫ്റ്റി ഫണ്ടിൽനിന്ന് കൊല്ലം ജില്ലയിൽ ചെലവഴിച്ച തുക

439 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തികവർഷം കൊല്ലം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക എത്രയാണ് ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ ജില്ലയിൽ റോഡപകടങ്ങളിൽപെട്ട് മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ലേലം</u>

440 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി. അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലം ലേലം ചെയ്തതു വഴി കെ.റ്റി.ഡി.എഫ്.സി.-യ്ക്ക് ലഭ്യമായിട്ടുള്ള സെക്യൂരിറ്റി തുക എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇപ്പോഴത്തെ പ്രതിമാസ വാടക ഇനത്തിലെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും ഈ ഇനത്തിൽ കെ.റ്റി.ഡി.എഫ്.സി.-യ്ക്ക് ലഭിക്കുന്ന പലിശ എത്രയെന്നും വിശമാക്കാമോ ;

(ഡി) സ്ഥലം ലേലത്തിനെടുത്തവരിൽ സക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി അടക്കാത്തവർ ആരെല്ലാമാണ് ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(ഇ) സ്ഥലം ലേലത്തിനെടുത്തവരിൽ സക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി അടച്ച് കരാർ ഒപ്പിട്ട് സ്ഥാപനം തുടങ്ങിയവർ ആരെല്ലാമെന്ന് വിശദമാക്കാമോ ;

(എഫ്) സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി അടച്ച് കരാർ ഒപ്പിട്ട ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് മുനിസിപ്പാലിറ്റിയിൽ നിന്ന് ഡോർ നമ്പറും ഒക്കുപെൻസി സർട്ടിഫിക്കറ്റും ലഭിച്ചിട്ടുള്ളത് ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇത് ലഭിക്കാനുള്ളത് ; കാലതാമസത്തിന് കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകൽ</u>

441 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി. അങ്കമാലിയിൽ ബി. ഒ. ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിൽ ലേല ദർഘാസ് നടപടികളിലൂടെ ഓരോ നിലയിലും എത്ര സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എത്ര സ്ഥലമാണ് ഇനി ലേലത്തിൽ പോകാനുള്ളത്; പ്രസ്തുത സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനായി നാളിതുവരെ എത്ര തവണ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഈ സ്ഥലങ്ങൾ ലേലത്തിൽ പോകാതിരിക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.റ്റി.സി. റദ്ദാക്കിയ ഷെഡ്യൂളുകൾ

442 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എത്ര ഷെഡ്യൂളുകൾ സ്ഥിരമായി റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ഡിപ്പോയിൽ നിന്നുള്ള ഏതെല്ലാം ഷെഡ്യൂളുകൾ റദ്ദാക്കിയിട്ടുണ്ടെന്നും അവ റദ്ദാക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് - കാഞ്ഞങ്ങാട് ബസ് ഡിപ്പോ</u>

443 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി 2013 ജനുവരി 1 ന് ശേഷം പുതിയ എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) പുതിയ ബസ്സുകളിൽ എത്രയെണ്ണം വീതമാണ് കാസർഗോട്, കാഞ്ഞങ്ങാട് ഡിപ്പോകൾക്ക് അനുവദിച്ചത്;

(സി) കാഞ്ഞങ്ങാട് ഡിപ്പോയിൽ ആകെ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്;

(ഡി) ടി ഡിപ്പോയിൽ എത്ര ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത്;

(ഇ) കാസർഗോട്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ കാലപ്പഴക്കം ചെന്ന എത്ര ബസ്സുകൾ നിലവിലുണ്ട്;

(എഫ്) ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴയിലേക്കുള്ള ബസ് സർവ്വീസുകൾ</u>

444 ശ്രീ.തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടത്വാ ഡിപ്പോയിൽ നിന്ന് കണ്ടംകരി-ചമ്പക്കുളം വഴി ആലപ്പുഴയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് നെടുമുടി-പൂപ്പള്ളി -ചേന്നങ്കരി-കൈനകരിവഴി ആലപ്പുഴയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലാ കെ.എസ്.ആർ.ടി.സി ഓഫീസ് നവീകരണം

445 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ റോഡ് ട്രാൻസ്പോർട്ട് ഓഫീസിന്റെ സ്ഥല പരിമിതി മൂലം ദൈനംദിന പ്രവർത്തനങ്ങൾക്ക് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും പുതിയത് നിർമ്മിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(സി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) മലപ്പുറം സിവിൽ സ്റ്റേഷനിൽ ട്രാൻസ്പോർട്ട് ഭവൻ നിർമ്മിക്കുന്ന കാര്യം ബഡ്ജറ്റിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് ബസ്സ്സ്റ്റേഷൻ പ്രവർത്തനം</u>

446 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ബസ് സ്റ്റേഷന്റെ പ്രവർത്തനം സംബന്ധിച്ച എം.എൽ.എ. അടക്കമുള്ളവർ പങ്കെടുക്കുന്ന മാസംതോറുമുള്ള റിവ്യൂയോഗങ്ങളിലെ തീരുമാനങ്ങൾ പ്രാവർത്തികമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് ബസ്സ് സ്റ്റേഷൻ ഷെഡ്യൂളുകൾ</u>

447 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ബസ്സ് സ്റ്റേഷനിൽ നിന്ന് എത്ര ഷെഡ്യൂളുകളാണ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം എത്ര ഷെഡ്യൂളുകളാണ് പ്രസ്തുത ഡിപ്പോ നിർത്തലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) എം.എൽ.എ നിർദ്ദേശിച്ച റൂട്ടുകളിലേക്കുള്ള ഷെഡ്യൂളുകൾ നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

448 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓർഡിനറി/ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മുഖേന എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്നും ഇതിലേയ്ക്കായി എത്ര ബസ്സുകൾ അനുവദിച്ചിരുന്നുവെന്നും അറിയിക്കാമോ;

(ബി) ഈ ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകൾ ഓർഡിനറി/ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മുഖേന ഓപ്പറേറ്റ് ചെയ്യുന്നുവെന്നും ഈ ആവശ്യത്തിലേയ്ക്കായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നത് അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പുന:പരിശോധിക്കുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങൾ

449 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാസവസ്തുക്കൾ ചേർത്ത് നിർമ്മിക്കുന്ന ഭക്ഷ്യവസ്തുക്കളും മറ്റും ഓണേഴ്സ് പെർമിറ്റുള്ള വാഹനങ്ങളിൽ കൊണ്ട് പോകുന്നത് മോട്ടോർ വാഹന നിയമലംഘനമാണോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര വാഹനങ്ങളുടെമേൽ നാളിതുവരെ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) വില്പനയ്ക്കുള്ള ഭക്ഷ്യവസ്തുക്കളും പായ്ക്ക് ചെയ്ത രാസവസ്തുക്കളടങ്ങിയ ഭക്ഷണപാനീയങ്ങളും സ്വകാര്യ ഉപയോഗ പെർമിറ്റുള്ള വാഹനങ്ങളിൽ വിതരണത്തിന് കൊണ്ട് പോകുന്നത് മോട്ടോർ വാഹന നിയമപ്രകാരം അനുവദനീയമാണോ; അല്ലെങ്കിൽ ഇതിനായി ഉപയോഗിച്ചു വരുന്ന സ്വകാര്യ വാഹനങ്ങളുടെ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>വാഹനപെരുപ്പം</u>

450 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ളതും പ്രതിദിനം രജിസ്റ്റർ ചെയ്യപ്പെടുന്നതുമായ മോട്ടോർ വാഹനങ്ങളുടെ വർദ്ധനവ് മൂലം ഭാവിയിലുണ്ടായേക്കാവുന്ന ഗതാഗത പ്രശ്നങ്ങൾ സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ വസ്തുതകൾ മുൻകൂട്ടി കണ്ടുകൊണ്ട് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ പദ്ധതി</u>

451 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പ് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) വാഹനങ്ങളുടെ അമിതവേഗം കണ്ടെത്താനും തടയാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലെ അറിയിപ്പുകൾ എസ്.എം.എസ്, ഇ-മെയിൽ വഴി ലഭ്യമാക്കുന്ന സംവിധാനം</u>

452 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ അറിയിപ്പുകൾ എസ്.എം. എസ്, ഇ-മെയിൽ വഴി ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം തരം അറിയിപ്പുകളാണ് പ്രസ്തുത സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ഓട്ടോറിക്ഷകളിൽ ഫെയർമീറ്റർ

453 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകളിൽ ഫെയർമീറ്റർ ഘടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പല ജില്ലകളിലും മീറ്റർ ഘടിപ്പിച്ച ഓട്ടോകളിലെ മീറ്ററുകൾ പ്രവർത്തിപ്പിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) മീറ്ററിൽ കാണിച്ച തുകയേക്കാൾ കൂടുതൽ തുക ആവശ്യപ്പെടുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം

454 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ജി. എസ്. ജയലാൽ
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ ജില്ലയിലും എത്ര വീതം;

(ബി) ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി നിരത്തിലിറങ്ങുന്ന വാഹനങ്ങളുടെ സങ്കീർണ്ണമായ പ്രവർത്തന രീതികൾ വാഹനമോടിക്കുന്നവരെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ലൈസൻസിംഗ് സമ്പ്രദായം കുറ്റമറ്റതാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഡ്രൈവിംഗ് സ്കൂളുകളുടെ നവീകരണം</u>

455 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂളുകൾ നവീകരിക്കാൻ മോട്ടോർ വാഹന വകുപ്പ് നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം നിർദ്ദേശങ്ങളും മാനദണ്ഡങ്ങളുമാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(സി) ഡ്രൈവിംഗ് സ്കൂളുകൾ ഇവ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) നവീകരണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

അനധികൃതമായി 'കേരള സർക്കാർ' ബോർഡുവെച്ച വാഹനങ്ങൾ

456 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി 'കേരളസർക്കാർ' ബോർഡു വെച്ച വാഹനങ്ങൾ ഓടുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വാഹനങ്ങൾക്കാണ് 'കേരളസർക്കാർ' ബോർഡ് സ്ഥാപിക്കാൻ അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനധികൃത ബോർഡുകൾ വെച്ച് ഓടുന്ന എത്ര വാഹനങ്ങൾക്കെതിരെ 2013 ജനുവരി 1 മുതൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പിഴയായി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ നിന്ന് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ഗതാഗത വകുപ്പിന്റെ വരുമാനം

457 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് ടാക്സ്, ലൈസൻസ് ഫീ, വാഹന പരിശോധനയിലൂടെ ലഭിക്കുന്ന ഫൈൻ എന്നീ ഇനങ്ങളിലായി ഗതാഗത വകുപ്പിന് ഒരു വർഷം എന്തു തുക വരുമാനമായി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രൈവിംഗ് ലൈസൻസ് ഫീ ഇനത്തിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ഓരോ വാഹനത്തിനും എത്ര രൂപയാണ് ഈടാക്കുന്നതെന്നും എത്ര വർഷത്തെ ഫീ മുൻകൂറായി ഈടാക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഗതാഗത വകുപ്പ് നൽകിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും സേവനം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ടാക്സ്, ഫീ, ഫൈൻ എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകയിൽനിന്ന് റോഡ് സുരക്ഷയ്ക്കുവേണ്ടി എത്ര രൂപ ചെലവഴിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വാഹന അപകടങ്ങൾ

458 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് വാഹനാപകടങ്ങളിൽ ഗണ്യമായ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് കഴിഞ്ഞ ആറുമാസത്തെ വിവരം ലഭ്യമാക്കാമോ;

(സി) മോട്ടോർ വാഹന നിയമങ്ങൾ കർശനമാക്കിയതിലൂടെ അധിക സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഹെൽമെറ്റ് നിർബന്ധമാക്കിയ നടപടി

459 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽമെറ്റ് ധരിക്കാത്ത ടൂവീലർ യാത്രക്കാരിൽ നിന്ന് പിഴ ഇനത്തിൽ 2013 ജനുവരി മുതൽ നവംബർ 30 വരെ എന്തു തുക ഈടാക്കി;

(ബി) ഹെൽമെറ്റ് നിർബന്ധമാക്കിയ ശേഷം അപകടമരണ നിരക്കിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം;

(സി) രോഗമോ, മറ്റ് ശാരീരിക വൈകല്യമോ മൂലം ഹെൽമെറ്റ് ധരിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് നിയമ വ്യവസ്ഥയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത്തരക്കാർക്ക് ഇളവ് നൽകുന്ന കാര്യത്തിൽ നിയമ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റം വരുത്തുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഹെൽമെറ്റ് ഉപയോഗം</u>

460 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് ഹെൽമെറ്റ് നിർബന്ധമാക്കിയശേഷം ഇത്തരം വാഹനയാത്രക്കാർക്ക് വാഹനാപകടങ്ങളിൽ സാരമായി പരിക്കുപറ്റുന്നതും ജീവഹാനി സംഭവിക്കുന്നതും കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹെൽമെറ്റ് നിർബന്ധമാക്കിയശേഷവും മുമ്പും നടന്ന അപകടങ്ങൾ സംബന്ധിച്ച് താരതമ്യപഠനം നടത്തിയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഹെൽമെറ്റ് നിർബന്ധമാക്കി മാർഗ്ഗനിർദ്ദേശം വന്നതിനുശേഷം ഹെൽമെറ്റ് ധരിക്കാത്തതിന് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ഹെൽമെറ്റ് ധരിക്കുന്നതിൽ ഇളവ്</u>

461 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂവീലർ യാത്രക്കാരിൽ ആർക്കെങ്കിലും ഹെൽമെറ്റ് ധരിക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ടൂവീലറിൽ യാത്രചെയ്യുന്നവരിൽ പില്ല്യൻ റൈഡറിന് ഹെൽമെറ്റ് ധരിക്കുന്നതിൽ അനുവദിച്ച ഇളവ്, ഹെൽമെറ്റ് ഉപയോഗിക്കാൻ ബുദ്ധിമുട്ടുള്ള രോഗികളായ ടൂവീലർ യാത്രക്കാർക്കും അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഹെൽമെറ്റ് വേട്ട

462 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽമെറ്റ് നിർബന്ധമാക്കിയതിനെത്തുടർന്ന് വിവിധ വകുപ്പുകളുടെ വ്യാപകമായ പരിശോധനയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച് അപകടത്തിൽപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് ; പരിക്ക് പറ്റിയിട്ടുണ്ട് ;

(ബി) ഇത്തരം അപകടങ്ങളിൽപ്പെട്ടവർക്കോ, കുടുംബാംഗങ്ങൾക്കോ എന്തെങ്കിലും സഹായം നൽകയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ആരോഗ്യ കാരണങ്ങളാൽ ഹെൽമെറ്റ് ധരിക്കാൻ കഴിയാത്തവർ പരിശോധനക്കിരയായി നിത്യേന ഫൈൻ അടയ്ക്കുന്ന സാഹചര്യം ഒഴിവാക്കാൻ യുക്തമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്പീഡ് ഗവർണർ</u>

463 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത എത്ര സ്വകാര്യ ബസ്സുകൾക്കെതിരെ 2013-ൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോട് ജില്ലയിൽ 2013-ൽ ഇപ്രകാരം എത്ര ബസ്സുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സ്പീഡ് ഗവർണർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചശേഷം അപകടങ്ങളിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>വാഹനങ്ങളിലെ ഹോണുകൾ</u>

464 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഹോണുകളുടെ ശബ്ദത്തിന്റെ പരമാവധി ആവൃത്തി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ സുപ്രീംകോടതി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മോട്ടോർ വെഹിക്കിൾ നിയമപ്രകാരവും, സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും എന്തൊക്കെ നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഹോണിന്റെ ആവൃത്തി പരിശോധനയ്ക്ക് ഇപ്പോഴുള്ള സംവിധാനങ്ങളെന്തെല്ലാമെന്നും, നിയമലംഘനം കണ്ടെത്താൻ എന്തൊക്കെ ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വാഹനങ്ങളിലെ ലൈറ്റുകളുടെ പ്രകാശതീവ്രത

465 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ ലൈറ്റുകളുടെ പ്രകാശതീവ്രത സംബന്ധിച്ച് മോട്ടോർ വെഹിക്കിൾ നിയമത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) തീക്ഷണ വെളിച്ചം പുറപ്പെടുവിക്കുന്ന ലൈറ്റുകൾ ഉപയോഗിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും എതിർദിശയിലെ വാഹനങ്ങളിലെ യാത്രക്കാരുടെ കാഴ്ചയ്ക്ക് തകരാറുകൾ ഉണ്ടാക്കുന്നുണ്ടെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രകാശതീവ്രത സംബന്ധിച്ച നിയന്ത്രണങ്ങൾ കർശനമായി പാലിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നിരീക്ഷണ ക്യാമറകള്‍</u>

466 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗതാഗത നിയമ ലംഘനം നിരീക്ഷിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ക്യാമറകളില്‍ ഈ വര്‍ഷം കേടായവ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ കേടായ ക്യാമറകള്‍ മാറ്റി സ്ഥാപിക്കുമ്പോള്‍ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണ്;

(സി) ക്യാമറകള്‍ സ്ഥാപിക്കാന്‍ കരാറില്‍ ഏര്‍പ്പെട്ടിരിക്കുന്ന കമ്പനികളുമായി എ.എം.സി. നിലവിലുണ്ടോ;

(ഡി) എങ്കില്‍ എ.എം.സി. യില്‍ ഏര്‍പ്പെട്ടിട്ടും യഥാസമയം ക്യാമറകള്‍ പരിശോധിക്കാത്ത കേസ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ ഇരുചക്ര മോട്ടോർ വാഹന ഉപയോഗം

467 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ ഇരുചക്ര മോട്ടോർ വാഹനങ്ങളിൽ സ്കൂളിൽ എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രായപൂർത്തിയാകാത്ത കുട്ടികൾ ലൈസൻസ് ഇല്ലാതെ വാഹനം ഓടിച്ച് സ്കൂളിൽ എത്തുന്നത് തടയാനുള്ള ഉത്തരവാദിത്തം ആർക്കാണ് എന്നറിയിക്കുമോ ;

(സി) ഇതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കര്‍ണ്ണാടകയിലേക്കുള്ള പ്രവേശന നികുതി</u>

468 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ണ്ണാടകയിലേക്ക് പ്രവേശിയ്ക്കുന്ന സമയത്ത് ടാക്സികള്‍ ടെമ്പോ ട്രാവലര്‍ അടക്കമുള്ള ടൂറിസ്റ്റ് വാഹനങ്ങള്‍ നല്‍കേണ്ട നികുതിയെത്രയാണെന്ന വിവരം ലഭ്യമാണോ; എങ്കില്‍ വ്യക്തമാക്കുമോ;

(ബി) കേരളത്തില്‍ നിന്ന് ഒറ്റ തവണ മാത്രം യാത്ര ചെയ്യേണ്ടിവരുന്ന കാറുകളും ടെമ്പോട്രാവലര്‍ അടക്കമുള്ള ടൂറിസ്റ്റ് വാഹനങ്ങളും നല്‍കേണ്ടിവരുന്നത് എത്രകാലത്തേക്കുള്ള നികുതിയാണെന്നറിയിക്കുമോ;

(സി) കര്‍ണ്ണാടകത്തില്‍ നിന്ന് കേരളത്തിലേക്ക് വരുന്ന ഇത്തരം വാഹനങ്ങള്‍ക്ക് ഈടാക്കുന്ന നികുതി എത്രയാണെന്നറിയിക്കുമോ;

(ഡി) കര്‍ണ്ണാടകം അമിത നികുതി ഈടാക്കുന്നത് മൂലം ഈ മേഖലയിലുള്ളവരുടെ ബുദ്ധിമുട്ട് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാന്‍ സര്‍ക്കാര്‍ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ചാത്തന്നൂരിൽ ജോയിന്റ് ആർ. ടി. ഓഫീസ്

469 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ജോയിന്റ് ആർ. ടി. ഓഫീസുകൾ പുതുതായി അനുവദിച്ചുവെന്നും; ആയത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലാണെന്നും അറിയിക്കുമോ;

(ബി) ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് ആർ. ടി. ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ചാത്തന്നൂരിൽ പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ഉൾനാടൻ ജലഗതാഗതം</u>

470 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഉൾനാടൻ ജലഗതാഗതത്തിനായി എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത ബോട്ടുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് ബോട്ട്യാർഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?